# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **11.03.2020 ൽ മറുപടിക്ക്**

**ചോദ്യം നം. 207**

**അടച്ചുപൂട്ടിയ ക്വാറികൾ തുറക്കുന്ന അവസ്ഥ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. പി.ടി. തോമസ് | ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) വന്യജീവി സങ്കേതങ്ങളുടെ പത്ത് കിലോമീറ്റർ ചുറ്റളവിൽ പാറമടകൾ പ്രവർത്തിക്കണമെങ്കിൽ ദേശീയ വന്യജീവി ബോർഡിന്റെ അനുമതി ആവശ്യമാണെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഉത്തരവായിട്ടുണ്ടോ; | (എ) 08.08.2019 തീയതിയിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം പ്രകാരം, എക്കോ സെൻസിറ്റീവ് സോൺ (ESZ) സംബന്ധിച്ച അന്തിമ വിജ്ഞാപനം ഇല്ലാത്ത പക്ഷം, ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും 10 കിലോമീറ്റർ ചുറ്റളവിനുള്ളിൽ ഖനന പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ (SCNBWL) ക്ലിയറൻസ് ആവശ്യമാണ്. |
| (ബി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടപ്പെട്ട ഏതെങ്കിലും ക്വാറികൾ കേന്ദ്ര വന്യജീവി ബോർഡിന്റെ അനുമതി തേടി വീണ്ടും തുറന്നിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) ക്വാറി ഉടമകൾ ഹൈക്കോടതിയിൽ നൽകിയ ഹർജിയിൽ ഇവരുടെ അപേക്ഷകൾ രണ്ട് മാസത്തിനുള്ളിൽ വന്യജീവി ബോർഡ് പരിഗണിച്ചില്ലെങ്കിൽ ക്വാറികൾ തുറക്കാമെന്ന് സിംഗിൾ ബഞ്ച് ഉത്തരവായിട്ടുണ്ടോ; | (സി) 18.12.2019 തീയതിയിലെ ബഹു. ഹൈക്കോടതി വിധി പ്രകാരവും {WP(C)No. 26431 & connected cases}, തുടർന്ന് ബഹു. ഹൈക്കോടതി വിവിധ തീയതികളിൽ പുറപ്പെടുവിച്ച സമാനമായ വിധികൾ പ്രകാരവും, വിധിന്യായം ലഭിച്ച് 15 ദിവസത്തിനകം പാരിസ്ഥിതികാനുമതിയും ബന്ധപ്പെട്ട രേഖകളും സർക്കാർ, കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് നൽകേണ്ടതും, പ്രസ്തുത രേഖകൾ ലഭിച്ച് ഒരാഴ്ചക്കകം മന്ത്രാലയം, നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ സ്റ്റാൻഡിങ് കമ്മിറ്റി മുൻപാകെ വയ്ക്കേണ്ടതും, സ്റ്റാൻഡിങ് കമ്മിറ്റി 2 മാസത്തിനകം ഫയലുകളിൽ തീരുമാനമെടുക്കേണ്ടതുമാണ്. ഇപ്രകാരം ബഹു. ഹൈക്കോടതിയുടെ വിവിധ വിധി ന്യായങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സമയ പരിധി പാലിക്കപ്പെട്ടിട്ടില്ലായെങ്കിൽ ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും 10 കിലോമീറ്റർ ചുറ്റളവിനുള്ളിലുള്ള ഖനന പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുള്ള സ്റ്റോപ്പ് മെമ്മോകൾക്ക് സാധുത ഇല്ലാതാവും. തുടർന്ന്, |

ക്വാറികൾക്ക് നിലവിലുള്ള പാരിസ്ഥിതികാനുമതി, ഖനനാനുമതി തുടങ്ങിയവയുടെ പിൻബലത്തിൽ ഖനന പ്രവൃത്തികൾ തുടരാം എന്നാണ് ബഹു. ഹൈക്കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുള്ളത്.

| | |
|---|---|
| (ഡി) പ്രസ്തുത ഉത്തരവിനെതിരെ സർക്കാർ അപ്പീൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഹൈക്കോടതി സിംഗിൾ ബഞ്ച് വിധിയിൽ പറഞ്ഞിട്ടുള്ള സമയപരിധി അവസാനിക്കുന്നതോടു കൂടി അടച്ചുപൂട്ടിയ ക്വാറികൾ തുറക്കുന്നതിനുള്ള അവസരം സംജാതമാകുമോയെന്ന് വിശദമാക്കുമോ? | (ഡി) ബഹു. ഹൈക്കോടതിയുടെ ഉത്തരവിനെതിരെ അപ്പീൽ നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. ബഹു. ഹൈക്കോടതിയുടെ വിവിധ വിധിന്യായങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ നടപടി എടുത്തിട്ടില്ലെങ്കിൽ ക്വാറികൾക്ക് നിലവിലുള്ള പാരിസ്ഥിതികാനുമതി, ഖനനാനുമതി തുടങ്ങിയവയുടെ പിൻബലത്തിൽ ഖനന പ്രവൃത്തികൾ തുടരാം എന്നാണ് ബഹു. ഹൈക്കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുള്ളത്. |

(signature)

**സെക്ഷൻ ഓഫീസർ**